# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**

**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------- ---------------------------------------------

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 30 വ്യാഴം**

------------------- ---------------------------------------------

# ട്രോളിംഗ് നിരോധനം ജൂൺ 9 മുതൽ, സർക്കാർ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ആലപ്പുഴ: ജൂൺ 9 മുതൽ ജൂലൈ 31 വരെ 52 ദിവസത്തേക്ക് മൺസൂൺകാല ട്രോളിംഗ് നിരോധനത്തിന് സർക്കാർ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മത്സ്യസമ്പത്ത് സുസ്ഥരിമായി നിലനിർത്തുന്നതിനും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമാണ് നിരോധനമെന്ന് ഇത് സംബന്ധിച്ച് കളക്ട്രേറ്റിൽ ചേർന്ന ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ച് എ.ഡി.എം. ഐ.അബ്ദുൾ സലാം പറഞ്ഞു. ട്രോളിങ് നിരോധന സമയത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്താൻ തടസ്സമില്ല. അയൽ സംസ്ഥാന ബോട്ടുകൾ ട്രോളിംഗ് നിരോധനം നിലവിൽ വരുന്നതിനു മുൻപ് കേരളതീരം വിട്ടു പോകാൻ നിർദ്ദേശം നൽകിയിട്ടു ്. ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും പ്രവർത്തിക്കുന്ന സ്വകാര്യഡീസൽ ബങ്കുകൾ പൂട്ടാൻ നിർദ്ദേശം നൽകിയിട്ടു ്. നിരോധന വേളയിൽ കടൽ രക്ഷാപ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി ആലപ്പുഴ ജില്ലയിൽ ര ് സ്വകാര്യബോട്ടുകൾ വാടകയ്ക്ക് എടുക്കാൻ അനുമതി ലഭിച്ചിട്ടു ്.

പരിശീലനം പൂർത്തിയാക്കിയ 6 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽരക്ഷാസേനാംഗങ്ങളായി രക്ഷാപ്രവർത്തനത്തിന് ജില്ലയിൽ നിയമിക്കുന്നതാണ്. കടൽ രക്ഷയുടെയും തീരസുരക്ഷയുടെയും ഭാഗമായി എല്ലാ മത്സ്യത്തൊഴിലാളികളും ബയോമെട്രിക് ഐഡികാർഡ് കയ്യിൽ കരുതണമെന്ന് പ്രത്യേകം നിർദ്ദേശം നൽകുന്നു. ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് തുടങ്ങിയവ ഇല്ലാത്ത യാനങ്ങൾക്കെതിരെ നടപടി എടുക്കും. ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭിക്കുന്നതിന് അതാത് ജില്ലകളിലെ മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത ഡീസൽ ബങ്കുകൾ പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടു ്. ആലപ്പുഴ ജില്ലയിൽ വളഞ്ഞവഴിയിലും അർത്തുങ്കലിലും പ്രവർത്തിക്കുന്ന ബങ്കുകൾ തുറക്കുന്നതാണ്. മറൈൻ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് കൂടുതൽ പൊലീസ് സേവനം ആവശ്യമാണെങ്കിൽ ജില്ലാ പൊലീസ് മേധാവികളുടെ അനുവാദത്തോടെ ആലപ്പുഴ ജില്ലയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിയ്ക്കുന്നതാണ്. യോഗത്തിൽ പൊതു ആവശ്യം ഉയർന്ന പശ്ചാത്തലത്തിൽ ജില്ലാ തല ജാഗ്രതാ സമിതി അടിയന്തിരമായി വിളിച്ചുകൂട്ടാൻ

തീരുമാനിച്ചു. ധനമന്ത്രിയുടെ പ്രതിനിധി വിനോദ്കുമാർ, മത്സ്യബോർഡ് മെമ്പർ ടി.ഐ.ഹാരിസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ.സുഹൈർ, അസിസ്റ്റന്റ് ഡയറക്ടർ കെ.നൗഷർഖാൻ, മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## 24 മണിക്കൂർ കൺട്രോൾ റൂം

ട്രോളിങ് നിരോധനത്തിന്റെയും കാല വർഷത്തിന്റെയും പശ്ചാത്തലത്തിൽ എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നിട്ടു്. ആലപ്പുഴ ജില്ലാ ഓഫീസിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലേയ്ക്ക് 0477 2251103 എന്ന നമ്പരിൽ അപകട വിവരങ്ങൾ അറിയിക്കാവുന്നതാണ്.

## സൗജന്യ റേഷൻ

ടോൾ ബാൻ കാലയളവിൽ യന്ത്രവൽക്ക്യതയാനങ്ങളിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യറേഷൻ അനുവദിയ്ക്കുന്നതിലേയ്ക്കുള്ള അപേക്ഷ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും മത്സ്യഭവനുകളിലും ലഭ്യമാണ്.

## തദ്ദേശസ്ഥാപനങ്ങളിലെ ഒഴിവിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ജൂൺ 27ന്

ആലപ്പുഴ: ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുള്ള വാർഡുകളിലേക്കും ഡിവിഷനിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ജൂൺ 27ന് നടക്കും. കായംകുളം നഗരസഭയിലെ വെയർഹൗസ് വാർഡ്, ചേർത്തല നഗരരസഭയിലെ റ്റി.ഡി.അമ്പലം വാർഡ്, കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ മുത്തുപറമ്പ്വാർഡ്, പാലമേൽ ഗ്രാമപഞ്ചായത്തിലെ മുളകുവിളവാർഡ്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിലെ വെട്ടിയാർ ഡിവിഷൻ (തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് എട്ടുമുതൽ 14വരെ) എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക. ഉപതിരഞ്ഞെടുപ്പിനുള്ള നോട്ടിഫിക്കേഷൻ അതത് വരണാധികാരി ഇന്ന് (മെയ് 31) പരസ്യപ്പെടുത്തും. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാനതിയതി ജൂൺ ഏഴാണ്. സൂക്ഷമപരിശോധന ജൂൺ 10ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻലിക്കാനുള്ള അവസാനതിയതി ജൂൺ 12 ആണ്. വോട്ടെടുപ്പ് ജൂൺ 27ന് നടക്കും. 27ന് രാവിലെ ഏഴു മുതൽ വൈകുന്നേരം അഞ്ചുമണിവരെയാണ് വോട്ടിങ് സമയം. തൊട്ടടുത്ത ദിവസം വോട്ടെണ്ണൽ നടക്കും. കുത്തിയോട് ജില്ല സോയിൽ കൺസർവേഷൻ ഓഫീസർ, പാലമേൽ-മാവേലിക്കര അഗ്രിക്കൾച്ചർ അസി.ഡയറക്ടർ, കായംകുളം-ജില്ല എംപ്ലോയ്മെന്റ് ഓഫീസർ, ചേർത്തല നഗരസഭ- പി.ഡബ്ളിയു.ഡി റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ ജില്ല രജിസ്ട്രാർ ജനറൽ എന്നിവരായിരിക്കും വരണാധികാരികൾ. കുത്തിയതോട് ഗ്രാമപഞ്ചായത്ത് കാര്യാലയം, പാലമേൽ ഗ്രാമപഞ്ചായത്ത് കാര്യാലയം, കായംകുളം മുനിസിപ്പൽ കൗൺസിൽ ഹാൾ, ചേർത്തല നഗരസഭ കാര്യാലയം, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം എന്നിവിടങ്ങളിലാണ് കൗ ിങ് സെന്ററും സ്വീകരണ വിതരണ കേന്ദ്രങ്ങളുമായി പ്രവർത്തിക്കുക. തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ സംബന്ധിച്ച്

കളക്ട്രേറ്റിൽ നടന്ന യോഗത്തിൽ എ.ഡി.എം. ഐ.അബ്ദുൾ സലാം, വരണാധികാരികൾ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കരുതൽ സ്പർശം പാരന്റിങ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

ആലപ്പുഴ: വനിത ശിശു വികസന വകുപ്പ് വിക്ടേഴ്സ് ചാനലുമായി ചേർന്ന് തൽസമയ സംപ്രേഷണാടിസ്ഥാനത്തിൽ ഉത്തരവാദിത്വ പൂർണ്ണമായ രക്ഷകർതൃത്വം ഉറപ്പാക്കുന്നതിനായി ഏകദിന പരിപാടി സംഘടിപ്പിച്ചു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർതൃത്വത്തിന്റെ പ്രാധാന്യം സമൂഹത്തെ ബോധവത്കരിക്കുന്നതിനാണ് സർക്കാർ കരുതൽ സ്പർശം സംഘടിപ്പച്ചത്. ജില്ലയുടെ നാലുകേന്ദ്രങ്ങളിൽ നടന്ന പരിപാടിയിൽ അങ്കണവാടി വർക്കർമാർ,ആശപ്രവർത്തകർ അടക്കം ര  ായിരത്തിലധികം പേർ പങ്കെടുത്തു. ജില്ല ശിശുവികസന പദ്ധതി ഓഫീസർ ടി.വി. മിനിമോൾ, ജില്ല ശിശുസംരക്ഷണ ഓഫീസർ എസ്.ജീജ എന്നിവർ പരിശീലനപരിപാടികൾക്ക് നേതൃത്വം നൽകി. മാവേലിക്കര, ഹരിപ്പാട്, ചേർത്തല, പുന്നപ്ര എന്നിവിടങ്ങളിൽവെച്ചാണ് പരിപാടി സംഘടിപ്പിച്ചത്. ഓൺലൈൻ പ്രോഗ്രാമിൽ വനിത ശിശു വികസന വകുപ്പ് മന്ത്രി കെ.കെ.ഷൈലജ ടീച്ചർ സദസിസനെ അഭിസംബോധന ചെയ്തു. വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബിജു പ്രഭാകർ സ്മാർട്ട്-പാരന്റിങിന്റെ ആവശ്യകത വിശദീകരിച്ചു. ഡോ.ആർ.ജയപ്രകാശ്, ഡോ.അരുൺ സി.നായർ, ഡോ.മോഹൻ റോയ് എന്നിവർ ക്ലാസ് എടുത്തു.

## ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ ഒഫ്ത്താൽമോളജി വിഭാഗത്തിലേക്ക് വാഷിങ് മെഷീൻ- (ഒരെണ്ണം) വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ജൂൺ 15ന് ഉച്ചയ്ക്ക് ഒന്നു വരെ സ്വീകരിക്കും. ക്വട്ടേഷൻ പ്രിൻസിപ്പൽ, ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരത്തിന് ഫോൺ: 0477-2282015.

## ലേലം

ആലപ്പുഴ: പുറക്കാട് ഗ്രാമപഞ്ചായത്താഫീസിൽ കരൂർ ഗവ.എൽ.പി.എസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിനും പുറക്കാട് ഗവ.ന്യൂ എൽ.പി.എസിലെ കഞ്ഞിപ്പുരയും വാട്ടർ ടാങ്കും പൊളിച്ചു മാറ്റുന്നതിനും തോട്ടപ്പള്ളി ശ്മശാനത്തിൽ നിൽക്കുന്ന 15 അകേഷ്യ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും പി.എച്ച്.സി, തോട്ടപ്പള്ളി, പുറക്കാട് എന്നിവിടങ്ങളിലെ മാവ്, തെങ്ങ് എന്നിവയിൽ നിന്നും 2020 മാർച്ച് 31വരെ ആദായം എടുക്കുന്നതിനും വേ  ി ലേലം ചെയ്യും. ജൂൺ 12 രാവിലെ 11ന് പഞ്ചായത്താഫീസിലാണ് ലേലം. വിശദവിവരത്തിന് ഫോൺ: 0477- 2272031.

## വാർഷിക പദ്ധതികളിൽ മാലിന്യ സംസ്കരണത്തിന് മുൻഗണന നൽകണമെന്ന് ശുചിത്വ മിഷൻ

ആലപ്പുഴ:തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തേക്കുള്ള വാർഷിക പദ്ധതികൾ ഭേദഗതി വരുത്തി പരിഷ്കരിക്കുമ്പോൾ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുൻഗണന നല്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ നിർദ്ദേശിച്ചു. പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളും 15ശതമാനം മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്കായി വകയിരുത്തണമെന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടു ്. സംസ്ഥാന സർക്കാരിന്റെ ശുചിത്വ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ധനസഹായം ലഭ്യമാക്കുന്നു ്. കൂടാതെ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശുചിത്വ മിഷൻ മുഖേന ധനസഹായം നല്കും.

അജൈവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് അടക്കമുള്ള പാഴ്വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും ഇനം തിരിച്ച് പുന:ചംക്രമണത്തിനും റോഡ് ടാറിംഗിനുമായി ഉപയോഗിക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പിലാറ്റികളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ഉ ാകണം. ഇങ്ങനെ ശേഖരിക്കുന്ന പാഴ്വസ്തുക്കളിൽ പ്ലാസ്റ്റിക്ക് ഷ്രഡ്ഡ് ചെയ്ത് ടാറിംഗിന് നല്കുന്നതിനും പുന:ചംക്രമണത്തിന് യോഗ്യമായവ പാഴ് വസ്തു വ്യാപാരികളെ ഏൽപ്പിക്കുന്നതിനുമായി ക്ലീൻകേരള കമ്പനിക്ക് കൈമാറുന്നതിനായി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കും. ഇതിനാവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. സംസ്ഥാനത്ത് നിലവിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 489 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 110 റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങളും പൂർത്തീകരിച്ചിട്ടു ്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതോടെ ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അജൈവമാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് ലക്ഷ്യമിടേ ത്.

അടുക്കളമാലിന്യം ഉൾപ്പെടുന്ന ജൈവ പാഴ്വസ്തുക്കൾ സംസ്കരിക്കുന്നതിന് പരമാവധി ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് ശുചിത്വ മിഷൻ മുൻഗണന നൽകുന്നത്. പൊതുയിടങ്ങളിൽ കേന്ദ്രീകൃതമായി മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള പ്രായോഗിക വൈഷമ്യങ്ങൾ ഒരു പരിധിവരെ മറികടക്കുന്നതിന് വികേന്ദ്രീകൃത-കേന്ദ്രീകൃത സംവിധാനങ്ങൾ സഹായിക്കും. ഇതിന്റെ ഭാഗമായി വീടുകളിൽ താരതമ്യേന ചെലവ് കുറഞ്ഞ കിച്ചൻബിൻ, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, കലം കമ്പോസ്റ്റ്, ബയോ ഡൈജസ്റ്റർ പോട്ട് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കും. ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് പരമാവധി 90 ശതമാനം വരെ സബ്സിഡി നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടു ്. ചന്തകൾ, പൊതു സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ എന്നിവിടങ്ങളിൽ ജൈവ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ ഒരുക്കും. 75 ശതമാനം സാമ്പത്തിക സഹായം ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ശുചിത്വ മിഷൻ മുഖാന്തിരം അനുവദിച്ച് നൽകും.

ദ്രവമാലിന്യ സംസ്കരണ പദ്ധതിയിൽ ഏറ്റവും പ്രാധാന്യം നൽകുന്നത് സെപ്റ്റേജ്/സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ്. ഇത് പ്രകാരം ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിനുള്ള

സാമ്പത്തിക സഹായവും സാങ്കേതിക നിർദ്ദേശവും ശുചിത്വമിഷൻ നല്കും. കൂടാതെ മാർക്കറ്റുകൾ, മത്സ്യചന്തകൾ എന്നിവിടങ്ങളിലും ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ ഒരുക്കുന്നതിനുള്ള സാമ്പത്തിക സഹായം ശുചിത്വ മിഷനിലൂടെ ലഭ്യമാണ്. ആയതിനാൽ തദ്ദേശസ്ഥാപനങ്ങൾ ഇതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടണമെന്നും ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികമായ അറിവും ഉപദേശവും ആവശ്യമു ങ്കിൽ അത് ശുചിത്വ മിഷനെ അറിയിക്കണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ പറഞ്ഞു. 2019-20 ലെ വാർഷിക പദ്ധതികളിൽ ആവശ്യമായ ഭേദഗതികളും പരിഷ്കാരങ്ങളും വരുത്തുന്നതിനുള്ള സമയ പരിധി ജൂൺ 12ന് അവസാനിക്കുന്നതിനാൽ അതിന് മുമ്പായി മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടു ് എന്ന് ഉറപ്പുവരുത്തണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചു.

# ജൂൺ ഒന്നിന് ഈഡിസെ വിട ഡെങ്കി പ്രതിരോധ കാമ്പയിൻ

ആലപ്പുഴ:ഡങ്കിപ്പനിയ്ക്ക് കാരണമായ ഈഡിസ് കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനം ലക്ഷ്യമിട്ട് ജില്ലയിലുടനീളം ജൂൺ ഒന്നിന് ഈഡിസേ വിട പരിപാടി നടത്തുന്നു. ഡങ്കിപ്പനി പൂർണ്ണമായും ഇല്ലാതാക്കുന്നതിന്റെ ഭാഗമായി കൊതുക് വളരുന്നതിനുള്ള സാഹചര്യം ഒഴിവാക്കുക എന്നതാണ് പരിപാടി ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, അംഗൻവാടി പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവർ, ഉറവിട നശീകരണ പ്രവർത്തനങ്ങൽ നടത്തുന്നതാണ്. ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും, ഓഫീസുകളിലും, വീടുകളിലും, പൊതുസ്ഥലങ്ങളിലും ഈഡിസ് കൊതുക് മുട്ടയിട്ട് വളരാനുള്ള ഉറവിടങ്ങൾ ഇല്ലായെന്നു ഉറപ്പാക്കണം. ഇതിന്റെ തുടർപ്രവർത്തനം എന്ന നിലയിൽ വെള്ളിയാഴ്ചകളിൽ സ്കൂളുകളിലും, ശനിയാഴ്ചകളിൽ ഓഫീസുകളിലും, ഞായറാഴ്ചകളിൽ വീടുകളിലും ''ഡ്രൈഡേ'' ആചരിക്കണം. ഡങ്കിപ്പനി മൂലമു ാകുന്ന മരണം ജില്ലയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനായി നടത്തുന്ന പരിപാടിയിൽ എല്ലാവരും പങ്കാളികളാകണമെന്ന് ജില്ല മെഡിക്കൽ ഓഫീസർ അറിയിച്ചു.

# വൈദ്യുതി മുടങ്ങും

ആലപ്പുഴ:കാർത്തികപള്ളി ഇലട്രിക്കൽ സെക്ഷൻ പരിധിയിൽ എൽ.ടി ലൈനിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ചിങ്ങോലി ഈസ്റ്റ്, ചിങ്ങോലി വെസ്റ്റ് എന്നീ ട്രാൻസ്ഫോർമർ ഏരിയയിൽ ഇന്നു (മെയ് 31) രാവിലെ ഒമ്പതു മുതൽ വൈകിട്ട് അഞ്ചു വരെ വൈദ്യുതി മുടങ്ങുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.